(സി, ഡി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ വടക്കൻ ജില്ലകളിൽ നടപ്പാക്കുന്നതിനുവേണ്ടി മറ്റു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെൻറിന് അയച്ചിട്ടുണ്ട്. സ്വിസ് സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി മേൽ പറഞ്ഞ ജില്ലകളിലെ ക്ഷീരോല്പാദകരുടെ ആവശ്യങ്ങൾ മുഴുവനും നിറവേറ്റുവാൻ മതിയാകുന്നതാണ്. അതുകൊണ്ട് മഞ്ചേരിക്കുമാത്രമായ ഒരു യൂണിറ്റ് ഇക്കൊല്ലം തുടങ്ങാൻ ബുദ്ധിമുട്ടാണ്.

പോലീസ് സ്റ്റേഷൻ കയ്യേറ്റം

148. [204] ശ്രീ. പി. സീതി ഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം പോലീസ് സ്റ്റേഷൻ പട്ടാളക്കാർ കയ്യേറിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്നാണ്. അതിനുള്ള പ്രകോപനം എന്തായിരുന്നു ;

(സി) പോലീസ് അധികാരികളും പട്ടാള അധികാരികളുമായി ഇടപെടുമ്പോഴുള്ള പെരുമാറ്റച്ചട്ടം എന്താണ് ;

(ഡി) പോലീസ് അധികാരികളും ഈ പെരുമാറ്റച്ചട്ടം ഈ കേസിൽ ലംഘിച്ചുവോ ;

(ഇ) എങ്കിൽ ആരാണ് അതിന് ഉത്തരവാദികൾ ;

(എഫ്) ഈ സംഭവത്തെത്തുടർന്ന് ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 5-10-1985-ൽ നേമം പോലീസ് സ്റ്റേഷനിൽ ഏതാനും പട്ടാളക്കാരും ഉദ്യോഗസ്ഥൻമാരും പ്രവേശിച്ചു.

(ബി) പോലീസുകാരെ ആക്രമിച്ചതായി ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ഒരു പട്ടാളക്കാരനെ കസ്റ്റഡിയിലെടുത്തു എന്ന കാരണത്താലാണ് ഈ സംഭവം.

(സി) ഏതെങ്കിലും പട്ടാള ഉദ്യോഗസ്ഥനെ കസ്റ്റഡിയിലെടുക്കുമ്പോൾ ഏറ്റവും അടുത്തുള്ള പട്ടാളത്തിലെ കമാൻറിംഗ് ആഫീസറെ അറിയിക്കണമെന്നാണ് ചട്ടം.

(ഡി, ഇ, എഫ്) ഈ സംഭവത്തെ സംബന്ധിച്ച് വിശദമായി സൈനിക നേതൃത്വത്തിലുള്ള ഒരു അന്വേഷണ കോടതിയും സംസ്ഥാനത്തെ ഒരു ഡി. ഐ. ജി. യും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം

149. [205] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമളി, പെരുവന്താനം എന്നീ പോലീസ് സ്റ്റേഷനുകൾക്കു വേണ്ടി പുതിയതായി പണിയുന്ന കെട്ടിടങ്ങളുടെ പണി പൂർത്തിയാകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പീരുമേട് പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിനുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ഇടുക്കി ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ ആവശ്യത്തിന് വണ്ടിയും സ്റ്റാഫും ഇല്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ജി) കുമളി ആസ്ഥാനമായി പുതിയ പോലീസ് സർക്കിം സ്റ്റേഷൻ രൂപീകരിക്കുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ), (ബി) കുമളി, പെരുവന്താനം പോലീസ് സ്റ്റേഷനുകളുടെ സിവിൽ ജോലികം പൂർത്തിയായിട്ടുണ്ട്. കെട്ടിടങ്ങം വൈദ്യുതീകരിക്കാനും ജലവിതരണത്തിനും ആവശ്യമായ നടപടികം സ്വീകരിച്ചു കഴിഞ്ഞു.

(സി), (ഡി) പീരുമേട് പോലീസ് സ്റ്റേഷന് കെട്ടിടം പണി 8-ാം ധനകാര്യ കമ്മീഷൻ സഹായത്തിനുള്ള ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1987-88 സാമ്പത്തിക വർഷത്തിൽ പണി തുടങ്ങുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ആവശ്യമുള്ള തസ്തികകം ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്. നിയമനത്തിനുള്ള നടപടികം പി. എസ്. സി. സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങം വാങ്ങുന്ന മുറയ്ക്ക് ഇടുക്കിക്ക് ആവശ്യമായ വാഹനങ്ങം നൽകുന്നതാണ്.

(ജി) ഇപ്പോം പരിഗണനയിലില്ല.

പുതിയ പോലീസ് സ്റ്റേഷനുകം

150. [206] ശ്രീ. കെ. പി. രാമൻ :
,, എ. പി. അബ്ദുറഹിമാൻ ഹാജി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കം :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ സംസ്ഥാനത്ത് എത്ര പുതിയ പോലീസ് സ്റ്റേഷനുകം ആരംഭിച്ചു ; ജില്ല തിരിച്ചുള്ള കണക്കു വ്യക്തമാക്കാമോ ;

(ബി) പുതിയ പോലീസ് സ്റ്റേഷനുകം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(സി) 1986-ൽ എത്ര പുതിയ സ്റ്റേഷനുകം ആരംഭിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 7 പുതിയ പോലീസ് സ്റ്റേഷനുകം അനുവദിച്ചു.
ആലപ്പുഴ ജില്ല—3
തിരുവനന്തപുരം ജില്ല—3
പത്തനംതിട്ട ജില്ല—1

LIBRARY ARCHIVES Kerala Legislative Assembly